(2) 2001-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി ബിൽ

(ശ്രീ. വി. ചെന്താമരാക്ഷൻ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

ശ്രീ. വി. ചെന്താമരാക്ഷൻ: (തുടർച്ച) സർ, കഴിഞ്ഞ തവണ ഈ ബിൽ അവതരിപ്പിച്ചു കൊണ്ട് ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ഏകദേശ കാര്യങ്ങൾ സൂചിപ്പിച്ചതാണ്. ഇന്ന് ഈ ബില്ലിന്റെ അവതരണം പൂർത്തീകരിക്കാൻ ആഗ്രഹിക്കുകയാണ്. സമയം എത്രയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കും മന്ത്രിക്ക് മറുപടി പറയാനുമായിട്ട് 25 മിനിറ്റേയുള്ളൂ.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിലെ അഞ്ചേകാൽ ലക്ഷത്തോളം വരുന്ന ക്ഷീര കർഷകരുടെ ക്ഷേമത്തെ ലക്ഷ്യമാക്കിക്കൊണ്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചത്. കേരളത്തിലെ കാർഷിക മേഖലയിൽ വന്നുപ്പെട്ടിട്ടുള്ള ദുരിതത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഈ അവസരത്തിൽ പോകുന്നില്ല. ചെറുകിട കർഷകരും കർഷക തൊഴിലാളികളും പാവപ്പെട്ട അധ്വാനിക്കുന്ന ജനവിഭാഗങ്ങളുമാണ് പ്രധാനമായിട്ട് കേരളത്തിന്റെ ക്ഷീര മേഖലയിൽ ഇന്ന് പ്രവർത്തിക്കുന്നത്. ഒരു ഉപതൊഴിൽ എന്ന നിലയിൽ പാൽ ഉൽപ്പാദിപ്പിക്കുകയും അതിന്റെ ഭാഗമായി ഒരനുബന്ധ വരുമാനമെന്ന നിലയിൽ പാലുൽപ്പാദനം നടത്തി അതുപയോഗിച്ച് ഉപജീവനം നടത്തുകയും ചെയ്യുന്ന അഞ്ചേകാൽ ലക്ഷത്തോളം വരുന്ന ആളുകളാണ് കേരളത്തിലുള്ളത്. ഇന്ന് കേരളത്തിൽ ആകെയുള്ള പാലിന്റെ ആവശ്യം 35 ലക്ഷം ലിറ്ററാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് 24 ലക്ഷം ലിറ്ററാണ്. സാമ്പത്തിക ശാസ്ത്രത്തിലെ ഡിമാന്റ് ആന്റ് സപ്ലൈ തിയറിയുടെ അടിസ്ഥാനത്തിൽ ആവശ്യം 35 ലക്ഷം ലിറ്ററും ഉൽപ്പാദനം 24 ലക്ഷം ലിറ്ററുമായതുകൊണ്ട് ന്യായമായ വില പാലിന് ലഭ്യമാകേണ്ടതാണ്. എന്നാൽ, കേരളത്തിൽ ഇന്ന് ക്ഷീരകർഷകർക്ക്, അവരുൽപ്പാദിപ്പിക്കുന്ന പാലിന് ന്യായമായ വില ലഭ്യമല്ലാത്ത സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. കേരളത്തിൽ ആവശ്യമുള്ള 35 ലക്ഷം ലിറ്റർ പാലിൽ ഇപ്പോൾ ലഭിക്കുന്നത് തമിഴ്നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുന്നതിന്റെ ഭാഗമായിട്ടാണ്. തമിഴ്നാട്ടിലെ പാൽ കേരളത്തിലേയ്ക്ക് വരുന്നതിന്റെ ഭാഗമായി ഇവിടെ യഥാർത്ഥത്തിൽ കാളിറ്റിയുള്ള പാൽ, ഗുണാംശമുള്ള പാൽ വിതരണം നടക്കുന്നില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പാലിന്റെ ഗുണനിലവാരം സംബന്ധിച്ചാണ് സംസാരിക്കുന്നത്. ക്ഷീരകർഷകരുടെ സംരക്ഷണവും അതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു ഘടകമാണ്. കേരളത്തിലെ പശുക്കളിൽ വളരെ വ്യാപകമായ നിലയിൽ അകിട് രോഗം കണ്ടുവരുകയാണ്. ഈ രോഗം നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ ഫലപ്രദമായ യാതൊരു നടപടിയും കേരളത്തിൽ ഇല്ല. ഇത് ക്ഷീര കർഷകരെ വലിയ തോതിൽ ബാധിക്കുകയാണ്. ഇതിൽനിന്ന് ക്ഷീരകർഷകർക്ക് സംരക്ഷണം ലഭിക്കേണ്ടുന്ന പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. അത് ഞാൻ കൂടുതലായി വിശദീകരിക്കുന്നില്ല. ഗുണനിലവാരമില്ലാത്ത പാൽ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്ന് കേരളത്തിൽ വിതരണം ചെയ്യുകയാണ്. അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ആവശ്യത്തേക്കാൾ കുറവ് ഉൽപ്പാദനം നടന്നിട്ടും ക്ഷീരകർഷകർക്ക് ന്യായമായ വില ലഭ്യമാകുന്നില്ലായെന്ന വസ്തുത ഞാൻ ആവർത്തിച്ച് സൂചിപ്പിക്കുകയാണ്. മിൽമയാണ് കേരളത്തിലെ പാൽ പ്രധാനമായിട്ടും സംഭരിച്ച് വിപണനം നടത്തി ക്ഷീരകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനം. എന്നാൽ ഇന്ന്, മിൽമ 7 രൂപാ മുതൽ ഒമ്പതു രൂപാ അമ്പതു പൈസ വരെയാണ് ഒരു ലിറ്റർ പാലിന്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരകർഷകർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ആളുകൾ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്യുന്ന സമയത്ത് കുപ്പിയിലുള്ള വെള്ളമാണ് വാങ്ങിക്കുടിക്കുന്നത്. അതിന് ചുരുങ്ങിയത് ഒരു ലിറ്റർ വെള്ളത്തിന് 10 രൂപ കൊടുക്കണം. ഇപ്പോൾ കേരളത്തിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: 12 രൂപയുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: ചുരുങ്ങിയത് 10 രൂപ കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. യഥാർത്ഥത്തിൽ പാലിനേക്കാൾ വെള്ളത്തിന് വിലയുണ്ട്.

ശ്രീ. തമ്പാനൂർ രവി: സർ, ഇവിടെ കാലികളെക്കുറിച്ച് പറഞ്ഞു. കാലി വളർത്തലുകാർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കാലികൾക്കുണ്ടാകുന്ന കുളമ്പു രോഗമാണ്. കുളമ്പു രോഗം കേരളത്തിൽ കൂടുതലായി വരുന്നത് പാറശ്ശാല നിയോജക മണ്ഡലത്തിന്റെ അതിർത്തിയായ കളിയിക്കാവിളയിൽ നിന്നാണ്. അതു തടയണമെന്ന കാര്യത്തിൽ അഭിപ്രായമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: തമിഴ്നാട്ടിൽനിന്നു വരുന്നു എന്നു പറഞ്ഞാൽ പോരേ? പാറശ്ശാല മാത്രമല്ല, ബോർഡറിലുള്ള എല്ലാ സ്ഥലത്തുമുണ്ട്. പാറശ്ശാല ചരിത്രത്തിൽ പ്രാധാന്യമായിട്ടുണ്ട്. അതു കഴിഞ്ഞാണ് നെയ്യാറ്റിൻകര വരുന്നത്.

ശ്രീ. വി. ചെന്താമരാക്ഷൻ: തമിഴ്നാട്ടിൽനിന്നും ഇഷ്ടംപോലെ കാലികളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. വെറ്ററിനറി പരിശോധന ശക്തമായ രൂപത്തിൽ നടക്കാത്തതിന്റെ ഭാഗമായിട്ടാണ് ഈ അസുഖം കേരളത്തിൽ ഉണ്ടാകുന്നത്. അതിനുള്ള ശക്തമായ നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് കറക്ടാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: ഏഴു രൂപാ മുതൽ ഒമ്പതു രൂപാ അമ്പതു പൈസ വരെയാണ് ഇപ്പോൾ പാലിന് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് വളരെ കുറഞ്ഞ വിലയാണ്. അതുകൊണ്ട് പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഒരു ലിറ്റർ പാലിന് 15 രൂപയെങ്കിലും കേരളത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടിയുണ്ടാവണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തമിഴ്നാട്ടിൽനിന്ന് പശുവിനെ കൊണ്ടു വരുന്നതിനെ എതിർക്കുന്നവർ, കോൺഗ്രസ് പ്രസിഡന്റായി ഒരു വിദേശിയെയാണ് കൊണ്ടു വന്നതെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വളരെ ശരിയാണ്. ഞാൻ രാഷ്ട്രീയ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കന്നുകാലികൾ വളർത്തുന്ന കൃഷിക്കാർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു സൗകര്യമാണ് 'കാമധേനു ഇൻഷ്വറൻസ് പദ്ധതി'. 1999-2000 വർഷത്തിൽ 75,000 മുതൽ 80,000 വരെ കൃഷിക്കാരും പശുക്കളും കാമധേനു ഇൻഷ്വറൻസ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യുകയും ലക്ഷക്കണക്കിന് രൂപ പ്രീമിയം അടയ്ക്കുകയും പശുവിന് എന്തെങ്കിലും സംഭവിച്ചാൽ അതിന് നഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരവും മറ്റാനുകൂല്യങ്ങളും നേടിയെടുക്കുകയും ചെയ്തു. എന്നാൽ ഈ രണ്ടു കൊല്ലത്തിനിടയിൽ കാമധേനു ഇൻഷ്വറൻസ് പദ്ധതി തന്നെ ഏറെക്കുറെ നിർത്തലാക്കപ്പെടുകയും 2001 ആയപ്പോൾ 3000-ത്തിൽ താഴെ പശുക്കളും കൃഷിക്കാരും മാത്രമാണ് അതിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. അതിന്റെ പ്രീമിയം ആരും അടയ്ക്കുന്നില്ല, കന്നുകാലി വികസനം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിൽ ഈ ഗവൺമെന്റ് പൂർണ്ണ പരാജയമാണെന്നുള്ളത് ബില്ലിന്റെ ഭാഗമായി പരാമർശിക്കുമോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് 100% ശരിയാണ്. ഇപ്പോൾ ഇൻഷ്വറൻസ് കമ്പനികൾ നിരവധി സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് ക്ഷീര കർഷകരെ ഒഴിവാക്കുന്നു. കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട കെ. വി. കുഞ്ഞിരാമൻ പറഞ്ഞിട്ടുള്ള പ്രശ്നം ഉയർന്നു വന്നിട്ടുള്ളത്. ഗവൺമെന്റ് അതിൽ ഫലപ്രദമായ രൂപത്തിൽ ഇടപെടുന്നില്ല. ഇപ്പോൾ കേരളത്തിലെ ക്ഷീര കർഷകരെ സംരക്ഷിക്കുന്ന മിൽമയെ എല്ലാ അർത്ഥത്തിലും തകർക്കുന്നതിന്

12 NOON] ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ നിയന്ത്രണത്തിലുള്ള മദർ ഫുഡ്സിന്റെ കാര്യം തന്നെ എടുക്കാം. കേരളത്തിന്റെ വിപണിയിലിടപെടുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് മിൽമയെ മദർ ഫുഡ്സിന്റെ ഭാഗമായി ഇപ്പോൾ മാറ്റിയിരിക്കുകയാണ്. മിൽമയുടെ ചെയർമാനായി ദീർഘകാലം പ്രവർത്തിക്കുകയും ഇത്തരമൊരു സംവിധാനം കേരളത്തിൽ വളർത്തിയെടുക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമം നടത്തുകയും ചെയ്തിട്ടുള്ള ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ഇവിടെയിരുപ്പുണ്ട്. അദ്ദേഹത്തിനൊക്കെ ഇതു സംബന്ധിച്ചുള്ള അഭിപ്രായമെന്തെന്ന് അറിയാനുള്ള താൽപ്പര്യം എനിക്കുണ്ട്. എന്തുതന്നെയായാലും കേരളത്തിലെ ലക്ഷക്കണക്കായ ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾക്ക് യാതൊരു മുൻഗണനയും കൊടുക്കാതെ ഇവിടേയും കച്ചവട താൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ഈ മേഖലയെ തകർക്കുന്നതിനാവശ്യമായ നീക്കങ്ങളാണ് ഉയർന്നു വരാൻ പോകുന്നത്.

ശ്രീ. പി. ജയരാജൻ: സർ, അങ്ങ് പറഞ്ഞിട്ടുള്ള രണ്ടു കാര്യങ്ങളെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, പാലിന്റെ വിലയെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ കേരളത്തിൽ മിൽമ മാത്രമല്ല, മിൽമ പാൽ സംഭരിച്ചിട്ട് മിൽമതന്നെ വിതരണം ചെയ്യുകയാണ്. നേരെമറിച്ച് കൃഷിക്കാരിൽനിന്നും നേരിട്ട് പാലെടുത്തിട്ട് നേരിട്ട് വിതരണം നടത്തുന്ന പരമ്പരാഗത ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുണ്ട്. ആ പരമ്പരാഗത ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ഒരു ലിറ്റർ പാലിന് കൃഷിക്കാരന് 15 രൂപവരെ വില കൊടുക്കുകയാണ്. അപ്പോൾ 7 രൂപ കൊടുക്കുന്ന മിൽമ ഒരു ഭാഗത്ത്, പരമ്പരാഗത ക്ഷീരസംഘങ്ങൾ 13 രൂപ മുതൽ മുകളിലോട്ടുള്ള വിലയ്ക്ക് കൊടുക്കുകയാണ്. അപ്പോൾ മിൽമ യഥാർത്ഥത്തിൽ കൃഷിക്കാരനെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ കാര്യം, കുളമ്പു രോഗത്തെപ്പറ്റി അങ്ങ് പറഞ്ഞു. കുളമ്പു രോഗത്തിന്റെ ഫലമായി കണ്ണൂർ ജില്ലയിൽ മുന്നൂറോളം കാലികൾ മരിച്ചു. അവർക്ക് 3,250 രൂപവച്ച് നഷ്ടപരിഹാരം കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞുവെങ്കിലും ഒരു നയാപൈസപോലും ഈ രണ്ടു വർഷത്തിനകം കൊടുത്തിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട പി. ജയരാജൻ പറഞ്ഞതെല്ലാം ശരിയാണ്. അപ്പോൾ മദർ ഫുഡ്സിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി മിൽമയെ തീറെഴുതി കൊടുക്കുന്നതിനാവശ്യമായ നടപടികളാണ് ഇപ്പോൾ മിൽമയുടെ തലപ്പത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ സ്വീകരിക്കുന്നത്. ഇപ്പോൾ കേരളത്തിലെ ക്ഷീര കർഷകരിൽനിന്നും ശേഖരിക്കുന്ന പാലിനും കൊഴുപ്പിന്റെ കാര്യം പറഞ്ഞിട്ട് പാൽ സ്വീകരിക്കുന്നില്ല. 3.5% കൊഴുപ്പ് വേണമെന്നാണ്. അതുപോലെതന്നെ ഇതര വസ്തുക്കൾ 8.3% ആണ്, ആ പാൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. നമ്മുടെ നാട്ടിൻപുറത്ത് സാധാരണ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പാലിന് ഈ കൊഴുപ്പിന്റെ അളവ് ഉണ്ടാവുകയില്ല. അപ്പോൾ പാൽ തിരിച്ചുവിടുകയാണ്. അതിന്റെ ഭാഗമായി ക്ഷീര കർഷകർ ന്യായമായ രൂപത്തിൽ പാലുൽപ്പാദനം നടത്തി, അത് കൊണ്ടു കൊടുക്കുന്ന കേന്ദ്രങ്ങളിൽ സ്വീകരിക്കാത്തതിന്റെ ഫലമായി അവർ വലിയ പ്രതിസന്ധിയെ നേരിടുകയാണ്. മദർ ഫുഡ്സ് ഈ ഒരു നിബന്ധന കൊണ്ടുവന്നതിനാൽ അതിന്റെ ഭാഗമായിട്ടാണ് മിൽമ ഇത്തരമൊരു സമീപനം സ്വീകരിച്ചത്.ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം കേരളത്തിലെ ക്ഷീരോല്പാദകരുടെ സംരക്ഷണത്തിനാവശ്യമായ, പരിരക്ഷയ്ക്കാവശ്യമായ ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. തീർച്ചയായും അങ്ങയെ അനുമോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'പശുവിന് പലനിറം, പാലിന് ഒരു നിറ'മെന്ന് ചൊല്ലുണ്ട്. അങ്ങ് ഒരു നിറം വിശ്വസിക്കുന്നു, ഞാൻ മൂന്നുനിറം വിശ്വസിക്കുന്നു, ഇവിടെ ചിലർ രണ്ടു നിറം വിശ്വസിക്കുന്നു. ഏതാണെങ്കിലും അങ്ങനെയുള്ള കർഷകർ വളരെയധികമുണ്ട്, അവരുടെ പശുവിന്റെ പാൽ സംശുദ്ധമായ വെള്ള നിറമുള്ളതാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായ ഒരു സമീപനം ആവശ്യമാണെന്നാണ് എന്റെ അനുഭവത്തിലുള്ള അഭിപ്രായം. കേരളത്തിൽ മിൽമ എന്ന പ്രസ്ഥാനം 1982-ൽ തുടങ്ങിയപ്പോൾ മിൽമയുടെ എംബ്ളം അംഗീകരിക്കുന്ന കമ്മിറ്റി മുതൽ കേവലം 14 ആളുകൾ ജീവനക്കാരായുണ്ടായിരുന്ന സാഹചര്യത്തിൽനിന്നും അതിലെ എല്ലാവരുടെയും സഹായത്താൽ ഞാൻ മിൽമയുടെ ചെയർമാൻ സ്ഥാനം കൈമാറുമ്പോൾ 2,800 ജീവനക്കാരുണ്ട്. 40 കോടി രൂപ വിനിയോഗിച്ചുകൊണ്ടുണ്ടാക്കിയ ആ പ്രസ്ഥാനം 400 കോടി രൂപയുടെ ടേണോവറുള്ള ഒരു പ്രസ്ഥാനമാക്കി മാറ്റുവാൻ കഴിഞ്ഞു. അതിന്റെ രഹസ്യം ഒന്ന്, യഥാർത്ഥ ക്ഷീരോല്പാദകരുടെ നേതൃത്വം, രണ്ട്, കക്ഷി രാഷ്ട്രീയത്തിനതീതമായിട്ടുള്ള സമീപനം. ഇപ്പോൾ അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുന്നു. ഇപ്പോൾ മിൽമയും നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ നിയന്ത്രണത്തിലുള്ള മദർ ഡയറിയും മദർ ഡയറിയുടെ മറ്റൊരു സഹോദര സ്ഥാപനമായ മദർ ഫുഡ്സും തമ്മിലുള്ള ഒരു കരാർ ഉണ്ടാക്കിയിരിക്കുകയാണ്. തീർച്ചയായും കേരളത്തിലെ പാൽ വിപണന രംഗത്ത് ഈ joint venture ഗുണകരമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേരളത്തിൽ കഴിഞ്ഞ 10-20 വർഷത്തിനുള്ളിൽ കാർഷിക രംഗത്ത് ഗുണമുണ്ടാക്കിയ, വിലയുണ്ടാക്കിയ, വിപണിയുണ്ടാക്കിയ, വിശ്വാസമുണ്ടാക്കിയ നമ്മുടെ ക്ഷീര കർഷകരുണ്ടല്ലോ, ആ ക്ഷീര കർഷകരുടെ താല്പര്യം സംരക്ഷിക്കുവാൻ ഈ joint venture-ന് കഴിയില്ലെന്നുള്ള അങ്ങയുടെ അഭിപ്രായം തന്നെയാണ് എന്റേയും അഭിപ്രായം.

ശ്രീ. വി. ചെന്താമരാക്ഷൻ: മദർ ഫുഡ്സിന് വിപണി താല്പര്യമാണുള്ളത്. കേരളത്തിലെ ലക്ഷക്കണക്കിനായ ക്ഷീര കർഷകരുടെ സാമ്പത്തിക താല്പര്യങ്ങൾ മദർ ഡയറി അംഗീകരിക്കുന്നില്ല. അവർക്ക് വിപണി താല്പര്യം തന്നെയാണ്. ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞതിനോട് ഞാൻ 100% യോജിക്കുകയാണ്. അതുകൊണ്ട് ഇത് ചെറുത്ത് പരാജയപ്പെടുത്തണം. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ മറ്റൊരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു, രാഷ്ട്രീയത്തിനതീതമായി ഇതിനെതിരായിട്ടുള്ള യോജിപ്പ് കേരളത്തിലുണ്ടാക്കി ഇത് ചെറുത്ത് പരാജയപ്പെടുത്തുക തന്നെ ചെയ്യണമെന്നുള്ള അഭിപ്രായമാണ് എനിക്ക് ഇതു സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ആയിരക്കണക്കിന് വരുന്ന കന്നുകാലിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇനി വരുന്ന 5 വർഷ കാലയളവിനുള്ളിൽ ഈ രംഗം വിടാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്. എന്നുവച്ചാൽ ബഹുമാനപ്പെട്ട മെമ്പർ നേരത്തേ പറഞ്ഞതുപോലെ കേരളത്തിലെ മിൽമയ്ക്ക് ഏറ്റവും കൂടുതൽ ആദായമുണ്ടാക്കി തന്നിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പ്രയാർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിലാണ്. ആ നേതൃത്വമൊക്കെ ഇന്ന് എല്ലാവരും അംഗീകരിക്കുന്നതുമാണ്. ഇപ്പോൾ അത് തകർന്ന് തരിപ്പണമാകുന്നു. കൃഷിയും കയറും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മിൽമയുടെ 51% ഓഹരി വിറ്റഴിക്കുവാൻ തീരുമാനമെടുത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതൊക്കെ ശരിയാണ്. ഇതിലിപ്പോൾ.....

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഇവിടെ മദർ ഡയറിയുമായിട്ടുള്ള സംയുക്ത സംരംഭത്തിൽ ഈ രംഗം തീറെഴുതി കൊടുക്കുന്നു എന്നു പറഞ്ഞ് ഒരു വാദഗതി യുണ്ടായി. എന്നാൽ അവരുമായിട്ടുള്ള എഗ്രിമെന്റു പ്രകാരം മിൽമയ്ക്ക് അഡ്വേഴ്സായി വരുന്ന സമയം ആ എഗ്രിമെന്റ് അവസാനിപ്പിക്കാനുള്ള clause ആ പദ്ധതിയിൽത്തന്നെയുണ്ട് എന്നുള്ള വിവരം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞതും ശ്രീ. എ. എൻ. രാജൻ ബാബു പറഞ്ഞതും രണ്ടുംവച്ച് ഞാൻ പറയുകയാണ്, അതിൽ വ്യവസ്ഥയുണ്ട്. 49% ഓഹരിയേ മിൽമയ്ക്കുള്ളൂ, 51% ഓഹരി എൻ.ഡി.ഡി.ബി.-ക്കും ബന്ധപ്പെട്ട മദർ ഡയറിക്കുമാണ്. ഈ N.D.D.B. വിദേശത്തുള്ള multi national company-കളുമായി tie up വരികയോ ഓഹരി വിറ്റഴിക്കപ്പെടുകയോ പ്രത്യേകിച്ച് ലാന്റോലേക്ക്, എന്നു പറയുന്ന കമ്പനിയുമായുണ്ടാക്കിയ അവരുടെ ധാരണാപത്ര മനുസരിച്ച് ഈ പുതിയ കമ്പനി വിദേശ കമ്പനിയുമായി ലയിച്ചാൽ മിൽമ തന്നെ ഇല്ലാതാകില്ലേ? അങ്ങനെ വന്നാൽ പിന്നെ മിൽമയ്ക്ക് എവിടെയാണ് existance? അത് ശ്രീ. വി. ചെന്താമരാക്ഷൻ ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: ഇപ്പോഴിവിടെ ഇതിൽ അതുണ്ട്, ഇതുണ്ട്, ഉപവകുപ്പുണ്ട് എന്നു പറഞ്ഞ് ചർച്ച ചെയ്തിട്ട് കാര്യമില്ല. നമ്മുടെ കേരളത്തിന്റെ സാമ്പത്തിക ഭദ്രതയുമായി ബന്ധപ്പെടുത്തി ഏതാണ്ട് അഞ്ചര ലക്ഷത്തോളം വരുന്ന ക്ഷീര കർഷകർക്ക് ഇത് ഗുണകരമാണോ അല്ലയോ എന്നുള്ളതാണ് പ്രശ്നം. ഇത് ഗുണകരമല്ലെന്നുള്ളതാണ് എനിക്ക് ഇതു സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. നമ്മുടെ നാട്ടിൽ മദർ ഡയറിയുമായി ബന്ധപ്പെടുത്തി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ വിപണി താല്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഈ മേഖല ഗുരുതരമായ പ്രതിസന്ധിയിലേക്ക് വരാൻ പോവുകയാണ്. ഈ മദർ ഫുഡ് സിനാണെങ്കിൽ അമേരിക്കൻ കമ്പനിയായ ലാന്റോലേക്ക്-മായി ബന്ധമുണ്ട്. ഒരു ബഹുരാഷ്ട്രക്കമ്പനിയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കാൻ പോകുന്നത്. അത് കൂടുതൽ രൂക്ഷമായ അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിക്കും. നമ്മുടെ രാജ്യത്തിന്റെ തൊട്ട് അയൽ രാജ്യമായ ശ്രീലങ്കയിൽ, ഇന്ന് കേരളത്തിന്റെ ക്ഷീരമേഖലയിൽ ഉണ്ടായിരുന്ന സ്ഥിതിവിശേഷം

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ്. വർഷങ്ങൾക്കുമുമ്പ് അവിടെ ഉണ്ടായിരുന്നത്. അവിടെയുള്ള ജനങ്ങൾക്ക് ആവശ്യമായിട്ടുള്ള പാൽ ശ്രീലങ്കയിൽ തന്നെ ഉല്പാദിപ്പിച്ചിട്ടുണ്ടായിരുന്നു, അവിടെത്തന്നെ വിപണനം നടത്തിയിട്ടുണ്ടായിരുന്നു. ഇന്ന് കേരളത്തിൽ മദർ ഡയറിയുമായി ബന്ധപ്പെട്ട് കരാറുണ്ടാക്കാൻ ലാന്റോലേക്ക് എന്നു പറയുന്ന അമേരിക്കൻ മൾട്ടി നാഷണൽ കമ്പനിയുമായി ബന്ധപ്പെടുത്തി ഉണ്ടാക്കിയ കരാറിന് സമാനമായി ഒരു കരാർ, ശ്രീലങ്കയിൽ വന്നതിന്റെ ഭാഗമായി 1981-ൽ ഉണ്ടാക്കിയ ഈ കരാറിന്റെ അടിസ്ഥാനത്തിൽ 20 വർഷം കഴിഞ്ഞപ്പോൾ ഇന്ന് ശ്രീലങ്കയിലെ ജനങ്ങൾക്ക് ആവശ്യമായിട്ടുള്ള പാൽ കിട്ടാതെ അവർ വിഷമിക്കുകയാണ്. അവിടെയുള്ള പിഞ്ചു കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പാൽ കിട്ടാതെ പാൽപ്പൊടി വാങ്ങിയാണ് അവർ കൊടുക്കുന്നത്. ഒരു കുട്ടിക്ക് ഒരു മാസം പാൽ വാങ്ങുന്നതിനുവേണ്ടി ആയിരക്കണക്കിന് രൂപ കൊടുക്കേണ്ട ദാരുണമായ ഒരു അവസ്ഥയിലേക്കാണ് ശ്രീലങ്ക നീങ്ങിയത്. അതിന് സമാനമായ ഒരു സ്ഥിതിവിശേഷംതന്നെയാണ് ഇനി കേരളത്തിലും വരാൻ പോകുന്നത്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതു തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം എന്നാണ് ഇതുമായി ബന്ധപ്പെടുത്തി എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: അങ്ങ് മിൽമയെ മദർ ഡയറിയുമായി ബന്ധപ്പെടുത്തുന്നതിനെ കുറിച്ച്, പ്രത്യേകിച്ച് ബഹുരാഷ്ട്ര കുത്തക കമ്പനിയുമായുള്ള കൊളാബറേഷനാണ് വരാൻ പോകുന്നത് എന്നു പറഞ്ഞ് വളരെ ആശങ്ക പുറപ്പെടുവിക്കുകയുണ്ടായി. അങ്ങയുടെ ആശങ്ക ഫലപ്രദമായി തീരട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ബഹുരാഷ്ട്ര കുത്തകയായ മൈക്രോസോഫ്റ്റുമായി കഴിഞ്ഞ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ, ഒരു കരാർ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശ്രീ. പി. ഗോവിന്ദപിള്ളയാണ്, അതിനുവേണ്ടി ഒപ്പിട്ടിരിക്കുന്നത്. അങ്ങനെയുള്ള എഗ്രിമെന്റൊക്കെ ഒപ്പിട്ട ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ പ്രാവശ്യം ഈ സഭയിലിരുന്നത്. അതിൽ ഉണ്ടായിരുന്ന ഒരു അംഗം, ഇന്നു പ്രതിപക്ഷ സ്ഥാനത്തിരുന്നുകൊണ്ട് ഇതിൻമേൽ ഇത്ര ആശങ്ക പ്രകടിപ്പിക്കുന്നതും തമ്മിൽ ഒരു വൈരുദ്ധ്യം ഇല്ലേ എന്നാണ് എന്റെ ചോദ്യം.

ശ്രീ. വി. ചെന്താമരാക്ഷൻ: ഇന്നലെ ഞാൻ ഇവിടെ ഒരു സബ്മിഷൻ കൊക്കകോളയുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചു. കൊക്കകോളാ കമ്പനിക്ക് പെരുമാട്ടി പഞ്ചായത്തിൽ ലൈസൻസ് കൊടുത്തതുമായി ബന്ധപ്പെടുത്തി ഒരു പ്രശ്നം വന്നു. വളരെ സത്യസന്ധമായി കുറെ ആളുകൾക്ക് ജോലി കിട്ടുമെന്നതിന്റെ അടിസ്ഥാനത്തിൽ കൊടുത്തിട്ടുള്ള ഒരു സ്ഥാപനമാണ്. അത് ഇന്ന് അപകടകരമായ നിലയിലാണ്, അത് തടയണമെന്നാവശ്യപ്പെട്ടപ്പോൾ അതിനാവശ്യമായ യാതൊരു നീക്കവും ഉണ്ടായില്ല. രാഷ്ട്രീയമായ പ്രശ്നങ്ങൾ വിശദീകരിക്കുമ്പോൾ അതിലെ ന്യായ അന്യായങ്ങൾ ചുണ്ടിക്കാണിക്കണം എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ശ്രീ. പി. ടി. തോമസ് പറഞ്ഞത് ശരിയാണ്. തെറ്റുണ്ടെങ്കിൽ തിരുത്തണം. തെറ്റ് ആരുടെ ഭാഗത്താണെങ്കിലും അത് തിരുത്തണം. ആ രൂപത്തിൽ ഒരു സമീപനം സ്വീകരിക്കുന്നതിനു പകരം ഈ നിലയിലേക്ക് പോയാൽ നമ്മുടെ നാട് ഗുരുതരമായ സ്ഥിതിവിശേഷത്തെ നേരിടേണ്ടി വരുമെന്ന് തന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലക്ഷക്കണക്കിന് വരുന്ന ക്ഷീര കർഷകർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കാൻ നടപടി സ്വീകരിക്കണം എന്ന് ഞാൻ ആവർത്തിച്ച് ആവശ്യപ്പെടുകയാണ്.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly